"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർ തസ്തികകളുടെ യോഗ്യതയും നിയമന രീതിയും പരിഷ്കരിച്ച് പുറപ്പെടുവിച്ച സ.ഉ.(കൈ) നം.153/2019/ത.സ്വ.ഭ.വ.-യിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

**സ.ഉ.(കൈ) നം.121/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/08/2020

---

പരാമർശം:- 1 സ.ഉ.(കൈ) നം.153/2019/ത.സ്വ.ഭ.വ തീയതി 30.11.2019

2 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 29.07.2019-ലെ 2324/ഇ.ജി.എസ്.ബി/18 നമ്പർ കത്ത്

**ഉത്തരവ്**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അക്രഡിറ്റഡ് എഞ്ചിനിയർ, ഓവർസിയർ തസ്തികകളുടെ യോഗ്യതയും നിയമന രീതിയും പരിഷ്കരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് പ്രകാരം ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിലെ അക്രഡിറ്റഡ് എഞ്ചിനിയർ തസ്തികകളിലേക്ക്, ടി തസ്തികകൾക്ക് നിഷ്കർഷിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതയായ സിവിൽ അല്ലെങ്കിൽ അഗ്രിക്കൾച്ചർ എഞ്ചിനിയറിംഗ് ഡിഗ്രി ഉള്ളവരുടെ അഭാവത്തിൽ, മൂന്ന് വർഷ പോളിടെക്നിക് സിവിൽ ഡിപ്ലോമയും കുറഞ്ഞത് അഞ്ച് വർഷം പ്രവൃത്തി പരിചയവും ഉള്ളവരെയോ, രണ്ട് വർഷ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ഡിപ്ലോമയും കുറഞ്ഞത് പത്ത് വർഷം പ്രവൃത്തി പരിചയം ഉള്ളവരെയോ പരിഗണിക്കാമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതുപോലെ ഗ്രാമപഞ്ചായത്ത് അക്രെഡിറ്റഡ് ഓവർസിയർ തസ്തികയുടെ യോഗ്യതയായി മൂന്ന് വർഷ പോളിടെക്നിക്ക് ഡിപ്ലോമ അല്ലെങ്കിൽ രണ്ട് വർഷ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ഡിപ്ലോമ ആണ് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ രണ്ട് വർഷ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ഡിപ്ലോമ കോഴ്സ് നിലവിലില്ലെന്നും ഐ.ടി.ഐ. നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ആയ രണ്ട് വർഷ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) കോഴ്സ് ആണ് നിലവിലിലുള്ളതെന്നും പരാമർശം(2) പ്രകാരം മിഷൻ ഡയറക്ടർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽ പറഞ്ഞ മൂന്ന് തസ്തികകളുടെയും ഒരു യോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ള 'രണ്ട് വർഷ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ഡിപ്ലോമ' എന്നത് 'രണ്ട് വർഷ ഡ്രാഫ്റ്റ്സ്മാൻ സിവിൽ സർട്ടിഫിക്കറ്റ്' എന്നാക്കി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

2. മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എല്ലാ ജില്ലാ ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർമാർക്കും (മിഷൻ ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറകടർ മുഖേന)

വെബ് &ന്യൂ മീഡിയ (ഐ&പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2020.08.19 11:40:27
IST
Reason: Approved

സെക്ഷൻ ഓഫീസർ